# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 7**

---

**ഇന്ത്യ-സ്ലോവേനിയ സംയുക്ത ഗവേഷണം**

## ലക്ഷ്യം മലിനീകരണ നിയന്ത്രണം -പ്രഫ. മിറൻ മൊസെറ്റിക്

മഹാത്മാ ഗാന്ധി സർവകലാശാലയും തിരുവല്ല മാർതോമാ കോളജും പങ്കാളികളായ ഇൻഡോ-സ്ലോവേനിയ സംയുക്ത ഗവേഷണ പദ്ധതി ഓട്ടോ മൊബൈൽ, ബയോ മെഡിക്കൽ, പാക്കേജിംഗ് തുടങ്ങിയ മേഖലകളെ പരിസ്ഥിതി സൗഹൃദമാക്കാൻ ഉപകരിക്കുമെന്ന് സ്ലോവേനിയയിലെ ജോസഫ് സ്റ്റെഫാൻ സർവകലാശാലയിലെ അധ്യാപകനായ പ്രഫ. മിറൻ മൊസെറ്റിക്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ സന്ദർശനത്തിനെത്തിയതായിരുന്നു അദ്ദേഹം.

കാർഷിക മാലിന്യങ്ങളിൽനിന്ന് സ്വാഭാവിക സെല്ലുലോസ് നാനോ ഫൈബറുകൾ വേർതിരിച്ചെടുത്ത് പരിസ്ഥിതി സൗഹൃദ ബയോനാനോ കോമ്പസിറ്റുകൾ വികസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പാക്കിംഗ് കവറുകൾ, വാഹനങ്ങളുടെ ടയറുകൾ തുടങ്ങിവയുടെ നിർമാണത്തിനും ടിഷ്യു എൻജിനിയറിംഗിലും നിലവിൽ ഉപയോഗിക്കുന്ന പെട്രോളിയം അധിഷ്ഠിത നാനോ കോമ്പസിറ്റുകൾക്ക് പകരം ബയോ നാനോ കോമ്പസിറ്റുകൾ വരുന്നതോടെ മലിനീകരണ തോത് ഗണ്യമായി കുറയ്ക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

സ്ലോവേനിയയിലെ ജോസഫ് സ്റ്റെഫാൻ സർവകലാശാലയിലെ അധ്യാപകനായ പ്രഫ. മിറൻ മൊസെറ്റിക് മെറ്റീരിയൽ സയൻസ്, സർഫസ് എൻജിനീയറിംഗ്, ഒപ്ടോ ഇലക്ട്രോണിക്സ് മേഖലകളിലെ വിദഗ്ധനാണ്. വൈസ് ചാൻസലർ പ്രഫ. സാബു തോമസുമായി കൂടിക്കാഴ്ച്ച നടത്തിയ അദ്ദേഹം കവർജൻസ് ആക്കാദമിയ ഹാളിൽ പ്രഭാഷണം നടത്തി.

മഹാത്മാ ഗാന്ധി സർവകലാശാലയും മാർതോമ കോളജും ചേർന്നു സമർപ്പിച്ച ഗവേഷണ പ്രോജക്ടിന് കേന്ദ്ര ശാസ്ത്രാ സാങ്കേതിക വകുപ്പ് 46 ലക്ഷം രൂപയുടെ ഗ്രാൻറ് അനുവദിച്ചിരുന്നു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നും പ്രമുഖ പോളിമെർ ശാസ്ത്രജ്ഞൻ കൂടിയായ വൈസ് ചാൻസലർ പ്രഫ. സാബു തോമസും തിരുവല്ല മാർതോമാ കോളജിലെ രസതന്ത്ര വിഭാഗം അധ്യാപിക ഡോ. ജോസ്മിൻ പി. ജോസും സ്ലോവേനിയയെ പ്രതിനീധികരിച്ച് ഡോ. മിറൻ മൊസെറ്റിക്കുമാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്.

*ഫോട്ടോ ക്യാപ്ഷൻ.(MGU India-Slovenia )*

എം.ജി. സർവകലാശാലയിലെത്തിയ പ്രഫ. മിറൻ മൊസെറ്റിക് വൈസ് ചാൻസലർ പ്രഫ. സാബു തോമസുമായി ചർച്ച നടത്തുന്നു. ഡോ. ജോസ്മിൻ പി. ജോസ് സമീപം.

(പി.ആർ.ഒ/39/150/2023)

വൈസ് ചാൻസലർ റിപ്പോർട്ട് കൈമാറി

## കാർഷിക പൈതൃക വിനോദസഞ്ചാര പദ്ധതിക്ക് രൂപം നൽകി എം.ജി. സർവകലാശാല

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ടൂറിസം അധ്യാപകരും ഗവേഷണ വിദ്യാർഥികളും ചേർന്നൊരുക്കിയ ആശയം ഇനി കാർഷിക പൈതൃക വിനോദസഞ്ചാര പദ്ധതിയായി മാറും.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കൺസൾട്ടൻസി പ്രവർത്തനങ്ങളുടെ ഭാഗമായാണ് സ്വകാര്യ മേഖലയിലെ വാചാ ഹോസ്പിറ്റാലിറ്റി ഗ്രൂപ്പിനുവേണ്ടി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത്.

കുട്ടനാട്ടിലെ ആർ ബ്ലോക്ക് കേന്ദ്രീകരിച്ച് വിവിധ നെല്ലിനങ്ങൾ ഉൾപ്പെടെയുള്ള കൃഷികളും കാർഷിക, സാസാംകാരിക പൈതൃകങ്ങളും ഭക്ഷ്യവിഭവങ്ങളും സംരക്ഷിക്കുന്ന ടൂറിസം പദ്ധതിയാണ് റിപ്പോർട്ടിലുള്ളത്. ഇതുവഴി നേരിട്ടും അല്ലാതെയും നൂറിലധികം പേർക്ക് തൊഴിൽ ലഭിക്കും.

ചൈനയിലെയും ജപ്പാനിലെയും സമാന പദ്ധതികൾ പോലെ ഇതും രാജ്യാന്തര തലത്തിൽ വിപണം നടത്താനാകുമെന്ന്  സ്കൂൾ ഓഫ് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് ഡീൻ ഡോ. റോബിനെറ്റ് ജേക്കബ് പറഞ്ഞു.  ആവശ്യമെങ്കിൽ പദ്ധതിയുടെ നിർവഹണത്തിലും വകുപ്പിൻറെ പങ്കാളിത്തം ലഭ്യമാക്കുമെന്ന്  അദ്ദേഹം വ്യക്തമാക്കി.

സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പദ്ധതി റിപ്പോർട്ട് വാചാ ഹോസ്പിറ്റാലിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. മാത്യു ജോർജിന് കൈമാറി.  ഡോ. റോബിനെറ്റ് ജേക്കബ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. ടോണി കെ. തോമസ്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ടെക്നിക്കൽ അസോസിയേറ്റുമാരായ റിയാസ് മെഹ്മൂദ്, ജോസഫ് ജോർജ്, രാജി വിപിൻ തുടങ്ങിയവർ സന്നിഹിതരായയിരുന്നു.

...........

*ഫോട്ടോ ക്യാപ്ഷൻ*( MGU AGRI HERITATE TOURISM)

സർവകലാശാലയയിൽ നടന്ന ചടങ്ങിൽ കാർഷിക പൈതൃക വിനോദസഞ്ചാര പദ്ധതി റിപ്പോർട്ട്  വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഡോ. മാത്യു ജോർജിന് കൈമാറുന്നു.

(പി.ആർ.ഒ/39/151/2023)

## പരീക്ഷാ തീയതി

പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ/ ബി.കോം (സി.ബി.സി.എസ്.എസ് – 2014–2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പ്രോഗ്രാമിൻറെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 21 നും നാലാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 13 നും ആരംഭിക്കും.  വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/152/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ഡോക്യുമെൻറേഷൻ (2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ഓം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്), മാസ്റ്റർ ഓഫ് അപ്ലൈഡ് മെഡിക്കൽ ഡോക്യുമെൻറേഷൻ (20112015 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2009–2010 അഡ്മിഷനുകൾ മൂാം മെഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 22 ന് ആരംഭിക്കും.

പിഴയില്ലാതെ ഫീസടച്ച് ഫെബ്രുവരി 13 വരെയും പിഴയോടു കൂടി ഫെബ്രുവരി 14 നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 15 നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

..........................

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്ട്സിൽ ഒന്ന്, അവസാന വർഷ ബി.എഫ്.എ പരീക്ഷകൾ മാർച്ച് ഒന്നിന് ആരംഭിക്കും.

പിഴയില്ലാതെ ഫെബ്രുവരി 15 വരെയും പിഴയോടു കൂടി ഫെബ്രുവരി 17 വരെയും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 20 വരെയും അപേക്ഷ നൽകാം.

(പി.ആർ.ഒ/39/153/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമെട്രിക്സ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019–2020 അഡ്മിഷൻ സപ്ലിമെൻററി – നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 16 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2021 അഡ്മിഷൻ റഗുലർ, 2016–2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 വരെയുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ് – ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 24 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/154/2023)

## പുനർ മൂല്യനിർണയം

2022 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി (20122016 അഡ്മിഷനുകൾ സപ്ലിമെൻററിയും, മെഴ്സി ചാൻസും, 2017–2018 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എസ്.സി കെമിസ്ട്രി, എം.എസ്.സി അനലിറ്റിക്കൽ കെമിസ്ട്രി, എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി, എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (20122016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസടച്ച് ഫെബ്രുവരി 18 ന് മുൻപ് ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)ക്ക് അപേക്ഷ സമർപ്പിക്കണം.

(പി.ആർ.ഒ/39/155/ /2023)

## പരീക്ഷാ ഫലം

എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി (ഓണേഴ്സ് – 2015–2017 അഡ്മിഷൻ സപ്ലിമെൻററി – ഒക്ടോബർ 2022), എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡിഗ്രി ബി.എ എൽ.എൽ.ബി (20122014, 2015 അഡ്മിഷനുകൾ സപ്ലിമെൻററി), ബി.എ ക്രിമിനോളജി എൽ.എൽ.ബി (2011 അഡ്മിഷൻ – ഒക്ടോബർ 2022)

പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 21 വരെ പരീക്ഷാ കണ്ട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

..........................

ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി (2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് – ഓഗസ്റ്റ് 2022), അഞ്ചാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി (2010 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2009 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് – ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 21 വരെ പരീക്ഷാ കണ്ട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

.............................

മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി, ത്രിവത്സര എൽ.എൽ.ബി (20162017 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് – സെപ്റ്റംബർ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു,

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 22 വരെ പരീക്ഷാ കണ്ട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/156 /2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**